# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4243          25/06/2018 ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളിൽ ജൈവ പച്ചക്കറികൃഷി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ജൈവ പച്ചക്കറികൃഷി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഈ പദ്ധതി കൊണ്ട് ലക്ഷ്യം വെക്കുന്നത് എന്താണെന്നറിയിക്കാമോ; | (എ) | ഇ.എസ്.ഐ ആശുപത്രികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുകയും ആയതു പ്രകാരം ഓരോ ആശുപത്രിയും ഹരിതമിഷനുമായി ചേർന്ന് കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തിചികിത്സയ്ക്ക് വിധേയരാകുന്ന രോഗികളുടെ ഭക്ഷണത്തിനാവശ്യമായ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുക, ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. |
| (ബി) | പുതുതായി എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികളാണ് സംസ്ഥാന സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) യും (സി) യും | സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിന് ആവശ്യമായ 162 തസ്തികകൾ സൃഷ്ടിച്ചും 15.09.2017 ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഒരു ഡിസ്പെൻസറി ബാലുശ്ശേരിയിൽ ആരംഭിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ ടി 18 ഡിസ്പെൻസറികളിൽ കട്ടപ്പന, മുക്കം ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മാത്രമേ ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭ്യമായിട്ടുള്ളൂ. ബാലുശ്ശേരിയിലടക്കമുള്ള ബാക്കി |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | | |

| | | |
|---|---|---|
| | | ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അന്തിമ അംഗീകാരം നൽകേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. |

**സെക്ഷൻ ഓഫീസർ**